


# മെഗാസീരിയലും നമ്മുടെ സ്ത്രീകളും

മെഗാസീരിയലുകൾ ആഗോളവൽക്കരണ തന്ത്രമായി നിരീക്ഷിക്കുന്ന രൺജിത്ത് തങ്കപ്പന്റെ കുറിപ്പ് കണ്ടു. സ്ത്രീ സ്വത്വത്തിനെ തരം താഴ്ത്തിക്കാണിക്കുന്നുവെന്നും, കേരള സ്ത്രീമാതൃകയെ വികലമാക്കുന്നുവെന്നുമുള്ള ലോക്കൽ ഫെമിനിസ്റ്റുകളുടെ വിലാപത്തിന് ആഗോളവത്കരണ പിൻബലം കൂടി കൊടുത്ത് ഭംഗി കൂട്ടാനുള്ള ലേഖകന്റെ ശ്രമം അതിന്റെ ആത്മാർത്ഥത കൊണ്ടു മാത്രം മുഖവിലയ്ക്കെടുക്കാം. പക്ഷെ ഒന്നു ചോദിക്കട്ടെ ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ഏതെങ്കിലും 'സ്ത്രീ' പ്രേക്ഷകയോട് പറഞ്ഞാലുണ്ടാകുന്ന പ്രതികരണമെന്തെന്ന് ലേഖകനറിയാമോ ചോദിച്ചു നോക്കണം? അപ്പോഴറിയാം.

ടി.വിക്കുമുന്നിൽ ഇവരെ ആരും പിടിച്ചിരുത്തുന്നില്ല സീരിയൽ കാണാതിരിക്കാനോ, പകരം പുസ്തകം വായിക്കാനോ, സംസാരിച്ചിരിക്കാനോ, കിടന്നുറങ്ങാനോ ഉള്ള സ്വാതന്ത്ര്യം ഇവർക്കുണ്ടല്ലോ. അറുപത് എപ്പിസോഡിൽ തീർക്കാൻ തീരുമാനിച്ചിരുന്ന 'സ്ത്രീ' എന്ന സീരിയൽ എങ്ങനെയാണ് മെഗാസീരിയലായി വളർന്നതെന്ന് തിരക്കഥാകൃത്തായ മണിഷൊർണ്ണൂർ ഒരഭിമുഖത്തിൽ പറയുന്നുണ്ട്. അസംഖ്യം വരുന്ന 'സ്ത്രീ' പ്രേക്ഷകരിൽ നിന്ന് എഷ്യാനെറ്റിന് കിട്ടിയ കത്തുകൾക്കനുസരിച്ച് എങ്ങനെയാണ് ഇന്ദുവിന്റെ ഭൂപഭാവങ്ങൾ മാറിയതെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

മലയാളിക്ക് എല്ലാ വസ്തുക്കളും പൈസ കൊടുത്തുവാങ്ങിയാണ് ശീലം അനാവശ്യമുള്ളത് നിരത്തുകയാണ് കച്ചവടക്കാരൻ ചെയ്യുന്നത്. ആവശ്യമില്ലാത്തവ വിപണിയിൽ പരാജയപ്പെടുക തന്നെ ചെയ്യും. ബിൽക്ലിന്റൺ നേരിട്ട് വന്ന് പരസ്യം ചെയ്താലും ഉച്ചയ്ക്ക് ഊണ് മാറ്റി 'ബുഫെ ലഞ്ച്' ശീലിപ്പിക്കാൻ പറ്റുമോ? അപ്പോൾ പിന്നെ മലയാളിയുടെ അഭിരുചി ഓരോ മേഖലയിലും തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പുതിയ ഉത്പന്നങ്ങൾ ഇറക്കുമതിചെയ്യുന്നു. കരിക്കിൻവെള്ളത്തിനു പകരം പെപ്സിയും ഫ്രൂട്ടിയും മലയാള മനോരമയിലെ ആറുനോവലുകൾക്കു പകരം ആഴ്ചയിൽ ഏഴ് സീരിയൽ. ഈ മലയാളി മനഃശാസ്ത്രത്തെ മുതലെടുക്കാൻ കച്ചവടക്കാർ സർവ്വവഴികളിലൂടെയും ശ്രമിക്കുന്നു. മാധ്യമങ്ങൾ അതിലൊന്നു മാത്രം.

സ്ത്രീകളെല്ലാം തന്നെ ഇത്തരം കാര്യങ്ങളെ തിരിച്ചറിയാൻ കഴിവില്ലാത്തവരാണ് എന്ന പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് ഇത്തരം വിലാപങ്ങൾ നിലയുറപ്പിച്ചിരിക്കുന്നതെന്നാണ് ഏറ്റവും രസകരമായ കാര്യം.

ശത്രുവിനെ കുറ്റം പറയുന്നതിനു മുമ്പ് സ്വന്തം കൂട്ടത്തിന്റെ ദൗർബ്ബല്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ പ്രതിരോധ സജ്ജമാക്കിയാൽ ഒരാഗോളവത്ക്കരണത്തിനും ഒന്നും ചെയ്യാനാവില്ല. കീഴടങ്ങാൻ കൊതിക്കുന്ന ഒരു ജനതയ്ക്ക് കീഴടങ്ങാൻ മാത്രമാണ് വിധിക്കപ്പെട്ടിട്ടുള്ളത്.

ശത്രുവിന്റെ തന്ത്രങ്ങൾ പരാജയപ്പെടുന്നതുമോ എന്ന ഭീതിയും, ശത്രുവിനെ പരാജയപ്പെടുത്താമെന്ന ആത്മവിശ്വാസവും തമ്മിലുള്ള വ്യത്യാസം അറിയേണ്ടവർ സാറാ ജോസഫിന്റെയും മോധാപട്കറുടേയും പ്രവർത്തനങ്ങളെപ്പറ്റി പ്രാഥമിക അന്വേഷണം നടത്തട്ടെ.

ബിജു.എസ്.ബാലൻ